File No.SJD/1660/2022-C2

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :12/04/2022
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും,

സർ,

വിഷയം:- സാമൂഹ്യനീതിവകുപ്പ്-ഡയറക്ടറേറ്റ്-നിയമസഭചോദ്യം -ഔദ്യോഗിക വാഹനം സംബന്ധിച്ച വിശദവിവരം ശേഖരിക്കുന്നത്- സംബന്ധിച്ച്.

സൂചന :- നിയമസഭ ചോദ്യം നമ്പർ 479

സൂചന പ്രകാരമുള്ള നിയമസഭ ചോദ്യം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.ടി ചോദ്യങ്ങൾക്കുള്ള മറുപടി എല്ലാ കീഴ്ക്കാര്യാലയമേധാവികളും ജില്ലാ സാമൂഹ്യനീതി ഓഫീസ്സർക്ക് കൈമാറേണ്ടതും ആയവ ജില്ല ഓഫീസുകളിൽ ക്രോഡീകരിച്ച് 19/04/2022 ന് മുൻപായി ഈ കാര്യലയത്തിലേക്ക് sjdprobation@gmail.com എന്ന ഇമെയിൽ ID യിൽ അയച്ചുതരേണ്ടതുമാണ്.

സമയക്ലിപ്തത കർശനമായുംപാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

<u>ഉള്ളടക്കം</u>
നിയമസഭ ചോദ്യം നം.479

14-ാം KLA 9-ാം സമ്മേളനം. E-165088/22
22/1/2018 to 18/2/2018



സൃഷ്ടിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സർക്കാർ വാഹനങ്ങൾ

479. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ച വാങ്ങിയ എത്ര വാഹനങ്ങൾ ഉണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വകുപ്പ് തിരിച്ച്, ജില്ലാ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ എണ്ണം വിശദമാക്കുമോ;

(സി) 2011 മുതൽ നാളിതുവരെ, സംസ്ഥാനത്ത് സർക്കാർ പൊതുമേഖലാസ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, വിവിധ യൂണിവേഴ്സിറ്റികൾ എന്നിങ്ങനെ വിവിധ സ്ഥാപനങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്ത് ഓടിക്കുന്ന വകയിൽ ഓരോ വർഷവും ധനകാര്യവകുപ്പ് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) വാടകയ്ക്ക് വാഹനങ്ങൾ എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിശദമായ വിവരം വെളിപ്പെടുത്തുമോ?

ജി.എസ്.ടി യിൽ നിന്ന് കേരളത്തിന് പ്രതീക്ഷിച്ചത്ര വരുമാനം ഉണ്ടാകാതിരുന്നതിന്റെ കാരണം

480. ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി സമ്പ്രദായം നടപ്പിലായതിനുശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) ജി.എസ്.ടി സമ്പ്രദായം നടപ്പിലാക്കിയ കേന്ദ്രസർക്കാർ ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയില്ല എന്നത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ;

(സി) ജി.എസ്.ടി യിൽ നിന്ന് കേരളത്തിന് പ്രതീക്ഷിച്ചത്ര വരുമാനം ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ ?

ജി. എസ്. ടി. നടപ്പാക്കിയതിലെ അപാകത പരിഹരിക്കാൻ നടപടി